ആസൂത്രണക്കമ്മീഷന് പകരം സംവിധാനം

48 (1446) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ കമ്മീഷന് പകരമുള്ള സംവിധാനത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ ;

(ബി) പുതിയ സംവിധാനത്തെക്കുറിച്ച് കേന്ദ്രത്തെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ;

(സി) പുതിയ സംവിധാനം സംസ്ഥാന താൽപര്യത്തിന് ദോഷകരമാകുമെന്ന് കരുതുന്നുണ്ടോ ?

ഉത്തരം

(എ) ആസൂത്രണക്കമ്മീഷന് പകരം 1-1-2015-ലെ കേന്ദ്ര സർക്കാരിന്റെ തീരുമാന പ്രകാരം പ്രധാനമന്ത്രി ചെയർമാനായിട്ടുള്ള നീതി ആയോഗ് എന്ന സംവിധാനം (National Institution for Transforming India) നിലവിൽ വന്നിട്ടുണ്ട്. കേന്ദ്രവും സംസ്ഥാനവും തമ്മിലും സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ദേശീയ വികസനം മുന്നിൽക്കണ്ടുകൊണ്ട് രൂപീകരിച്ചിട്ടുള്ള നൂതന സംവിധാനമാണ് നീതി ആയോഗ്.

ആസൂത്രണക്കമ്മീഷന് പകരമുള്ള നീതി ആയോഗിനെക്കുറിച്ചുള്ള സംസ്ഥാനത്തിന്റെ വിയോജിപ്പിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു :

1. കേന്ദ്ര സംസ്ഥാന ധനകാര്യ ബന്ധത്തിന്റെ ഘടനയിൽ അടിസ്ഥാനപരമായി മാറ്റങ്ങൾ ഉണ്ടാകാവുന്നതാണ്.

2. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സ്ഥിതി

3. 2014-15 വാർഷിക പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച്

4. സംസ്ഥാന പദ്ധതി അടങ്കലും കേന്ദ്രവിഹിതവും പ്ലാനിംഗ് കമ്മീഷന്റെ ആർട്ടിക്കിൾ 282 പ്രകാരം സംസ്ഥാനങ്ങളുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതാകയാൽ പുതിയ സംവിധാന പ്രകാരം കേന്ദ്രധനകാര്യ മന്ത്രാലയത്തെ ഏൽപ്പിച്ചാൽ ഫെഡറൽ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നതാണ്.

5. സംസ്ഥാനങ്ങളുടെ നിരന്തരമായ ആവശ്യപ്രകാരം നിയോഗിച്ച ചതുർവേദി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച്

6. സംസ്ഥാനങ്ങൾ തമ്മിൽ അന്തരമുള്ളതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടേതായ മുൻഗണനാ പ്രകാരം പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം പുതിയ സംവിധാനത്തിൽ ഉൾപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അറിയിച്ചിട്ടുണ്ട്.

(സി) കരുതുന്നുണ്ട്. ധനവിനിയോഗം, പദ്ധതികളിൽ കേന്ദ്രത്തിന്റെ വിഹിതം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ അഭിപ്രായം അറിയിക്കുവാൻ കഴിയുകയുള്ളൂ.

ഐ.എ.വൈ. പദ്ധതി

49 (1447) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുവാൻ അനുമതി നൽകിയിരുന്നുവെന്ന് പറയാമോ ;

(ബി) ഇവയിൽ എത്ര വീടുകളുടെ നിർമ്മാണം ഇതേവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് പറയാമോ ;

(സി) എല്ലാ വീടുകളും പൂർത്തിയാക്കുന്നതിനാവശ്യമായ തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(ഇ) പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന വീടുകൾക്ക് ഈ സാമ്പത്തിക വർഷം തന്നെ തുക വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇന്ദിരാ ആവാസ് യോജന പ്രകാരം 189819 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) സ്പിൽ ഓവർ ഉൾപ്പെടെ 165074 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി-ഇ) ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ നൽകുന്നതിൽ കടിശ്ശിക വരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതിൽ 2012-13 മുതൽ ഫണ്ട് ദൗർലഭ്യം കാരണം സംസ്ഥാന സർക്കാർ അധികമായി നൽകുന്ന തുകയിൽ കടിശ്ശിക വന്നിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ 2014-15 പദ്ധതി വിഹിതത്തിൽ തൻവർഷം ചെലവഴിക്കാൻ സാധ്യതയില്ലാത്ത ഫണ്ട് ഐ.എ.വൈ.-യുടെ അധിക വിഹിതത്തിനായി നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly